(ബി) എങ്കിൽ ഇതിനാവശ്യമായ നടപടികൾ എന്നത്തേക്ക് പൂർത്തീകരിച്ച് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) & (ബി) മൂവാറ്റുപുഴ താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി യൂണിറ്റ് നിലവിലുണ്ട്.

ഇരിക്കൂർ പ്രൈമറി ഹെൽത്ത് സെന്റർ സി.എച്ച്.സി.യായി ഉയർത്തുവാനുള്ള നിർദ്ദേശം

24 (6174) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ഇരിക്കൂർ പ്രൈമറി ഹെൽത്ത് സെന്ററർ സി. എച്ച്. സി. യായി ഉയർത്തുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ സി. എച്ച്. സി. ഇല്ലാത്തതു മൂലം രോഗികൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ)-(സി) സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാന്റ് ഡൈസേഷന്റെ ഭാഗമായി 6-11-2008-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.568/08/ആ.കു.വ. പ്രകാരം ഇരിക്കൂർ പി.എച്ച്.സി.യെ (24 X 7) പി.എച്ച്.സി. വിഭാഗത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. ഇരിക്കൂർ പി.എച്ച്.സി.യിൽ കിടത്തി ചികിത്സാ സൗകര്യം നിലവിലുണ്ട്. ഈ പി.എച്ച്.സി.യെ സി.എച്ച്.സി.യായി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

എരിഞ്ഞിപ്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ വികസനം

25 (6175) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) പി. എച്ച്. സി. ആയിരുന്ന എരിഞ്ഞിപ്ര ഹെൽത്ത് സെന്ററിനെ എന്നു മുതൽക്കാണ് സി. എച്ച്. സി. ആയി ഉയർത്തിയത് ;

(ബി) സി. എച്ച്. സി. ആക്കി ഉയർത്തിയതിന്റെ ഭാഗമായി എന്തൊക്കെ സൗകര്യങ്ങളാണ് ഈ ഹെൽത്ത് സെന്ററിൽ ഉണ്ടാകേണ്ടത് ;

(സി) ആ നിലയിലുള്ള സൗകര്യങ്ങൾ ഈ ഹെൽത്ത് സെന്ററിൽ ഇതുവരെ ഉണ്ടായിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly